കെ.എം അബ്ദുൽ അഹദ് തങ്ങൾ



# വളാഞ്ചേരിയിലെ സത്യാന്വേഷണ സംഘം

**ബ്രിട്ടീഷ്** സാമ്രാജ്യത്വത്തിന് കീഴിൽ അടിമത്തം അനുഭവിച്ചുകഴിഞ്ഞിരുന്ന അവിഭക്ത ഭാരതത്തിൽ, 1941ലാണ് ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ടത്. നവോത്ഥാന നായകനായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ നേതൃത്വത്തിലായിരുന്നു ജമാഅത്തിന്റെ രൂപീകരണം.

മൂന്ന് വർഷങ്ങൾക്ക് ശേഷം, 1944ലാണ് കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. മഹാനായ ഹാജി വി.പി മുഹമ്മദലി സാഹിബാണ് കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശ പ്രചാരകനായി രംഗത്തുവന്നത്. ഉമറാബാദിലെ പഠനകാലത്താണ് അദ്ദേഹം മൗലാനാ മൗദൂദിയെയും ജമാഅത്തെ ഇസ്‌ലാമിയെയും കുറിച്ച് അറിഞ്ഞത്. 1943ൽ ജമാഅത്ത് കേന്ദ്രമായ പഠാൻകോട്ടിലെത്തിയ ഹാജിസാഹിബ് ഒരുവർഷം അവിടെ താമസിച്ചു. മൗദൂദി സാഹിബിൽനിന്നു നേരിട്ട് ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് മനസ്സിലാക്കി. 1944ൽ ഹാജിസാഹിബ് കേരളത്തിൽ തിരിച്ചെത്തി. പിന്നീട്, 1959ൽ മരിക്കുന്നതുവരെ വിശ്രമമില്ലാതെ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ കഠിനാധ്വാനം ചെയ്തു ആ ത്യാഗിവര്യൻ. കേരളത്തിലുടനീളം ഏറെ പ്രയാസങ്ങൾ സഹിച്ചും പട്ടിണി കിടന്നും പരിഹാസ

ങ്ങൾ കേട്ടും അദ്ദേഹം സഞ്ചരിച്ചു. കാസർകോട്, പഴയങ്ങാടി, കുറ്റ്യാടി, സുൽത്താൻബത്തേരി, കോഴിക്കോട്, വളാഞ്ചേരി തുടങ്ങിയ സ്ഥലങ്ങളായിരുന്നു ആദ്യകാലത്ത് അദ്ദേഹത്തിന്റെ യാത്രകളും പ്രവർത്തനങ്ങളും കൂടുതൽ നടന്നിരുന്നത്.

## ജമാഅത്തുൽ മുസ്തർശിദീൻ

കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ തുടക്കം 'ജമാഅത്തുൽ മുസ്തർശിദീൻ' സംഘത്തിൽനിന്നായിരുന്നു. 'സത്യാന്വേഷികളുടെ സംഘം' എന്നാണതിന്റെ അർഥം. ആദ്യം തന്നെ ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു ഘടകം രൂപീകരിക്കുകയായിരുന്നില്ല ഹാജിസാഹിബ് ചെയ്തത്. യോഗ്യരായ ഏതാനും പ്രവർത്തകരെങ്കിലും വളർന്നുവന്നശേഷം മതി ജമാഅത്ത് ഘടകം ഔദ്യോഗികമായി രൂപീകരിക്കാൻ എന്ന് തീരുമാനിച്ച അദ്ദേഹം, ജമാഅത്തുൽ മുസ്തർശിദീൻ രൂപീകരിക്കുകയായിരുന്നു. 1945ൽ വളാഞ്ചേരിയിലാണ് ജമാഅത്തുൽ മുസ്തർശിദീൻ സ്ഥാപിക്കപ്പെട്ടത്.

വളാഞ്ചേരിയിലെ പി. കുഞ്ഞുമുഹമ്മദ് മൗലവിയുടെ പിതാവ് മരക്കാർ ഹാജിയുടെ കെട്ടിടത്തിനിടയിലെ ഒരു ഇടുങ്ങിയ സ്ഥലത്താണ് ജമാഅത്തുൽ മുസ്തർശിദീൻ രൂപംകൊണ്ടത്. വളാഞ്ചേരിയിലെ കുട്ട്യാലി സാഹിബാണ്, ജമാഅത്തുൽ മുസ്തർശിദീന്റെ രൂപീകരണയോഗത്തിൽ പങ്കെടുത്തവരിൽ ജീവിച്ചിരിക്കുന്ന ഒരേയൊരാൾ; ഇന്ന് ജമാഅത്തെ ഇസ്‌ലാമിയിലെ ഏറ്റവും പഴക്കമുള്ള പ്രവർത്തകനും അദ്ദേഹം തന്നെ. ടി.കെ അബ്ദുല്ല സാഹിബും ഞാനുമൊക്കെ അദ്ദേഹത്തിനു ശേഷമാണ് ജമാഅത്തുമായി ബന്ധപ്പെടുന്നത്. ജമാഅത്തുൽ മുസ്തർശിദീൻ രൂപീകരണയോഗത്തെക്കുറിച്ചും ആദ്യകാല പ്രവർത്തനത്തെക്കുറിച്ചും അദ്ദേഹത്തിന് ഏറെ ഓർമകളുണ്ട്. ജമാഅത്തുൽ മുസ്തർശിദീനെക്കുറിച്ച് കുട്ട്യാലി സാഹിബ് പങ്കുവെച്ച ഓർമകളാണ് ഇവിടെ കുറിക്കുന്നത്.

1945ൽ 'ജമാഅത്തുൽ മുസ്തർശിദീൻ' രൂപീകരണ യോഗത്തിൽ നാൽപതോളം പേർ പങ്കെടുത്തിരുന്നു. കൂടുതൽ പേരും പ്രദേശവാസികൾ തന്നെ. ആദ്യയോഗത്തിൽ പങ്കെടുത്തവരും, പ്രവർത്തനങ്ങളിൽ സജീവമായിരുന്നവരുമായ ഏതാനും ആളുകളുടെ പേരുകൾ മാത്രമേ ഇപ്പോൾ ഓർമയിലുള്ളൂ.

1. അവറാൻ മൊല്ലാക്ക (ടി.പി ഷംസുദ്ദീൻ മൗലവിയുടെ ഉമ്മയുടെ പിതാവ്) 2. മരക്കാർ ഹാജി (പി. കുഞ്ഞുമുഹമ്മദ് മൗലവിയുടെ പിതാവ്) 3. പി.പി കുഞ്ഞഹമ്മദ് (ഹാജിസാഹിബിന്റെ ഭാര്യാപിതാവ്) 4. യു. മുഹമ്മദ്, ഉണ്ണ്യേങ്ങൽ 5. സി.എം മൊയ്തീൻകുട്ടി 6. ടി.കെ.വി മൊയ്തീൻകുട്ടി സാഹിബ് 7. കുഞ്ഞിപ്പോക്കർ ഹാജി (ഹാജിസാഹിബിന്റെ ജ്യേഷ്ഠൻ) 8. പൂക്കോയ തങ്ങൾ, പൂക്കാട്ടിരി 9. പരവ മുഹമ്മദ് 10. കണിയാരിൽ മുഹമ്മദ്.

വളാഞ്ചേരി, എടയൂർ, ഇരിമ്പിളിയം പ്രദേശങ്ങളിലുള്ളവരായിരുന്നു ജമാഅത്തുൽ മുസ്തർശിദീനിൽ പ്രവർത്തിച്ചിരുന്നവർ. മറ്റുചില സ്ഥലങ്ങളിൽനിന്ന് ഇടക്കിടെ ഏതാനും പേർ വന്നിരുന്നുവെന്ന് തോന്നുന്നു.

കെ.എം മൗലവിയുൾപ്പെടെ ഇസ്‌ലാഹി ആശയക്കാർ പുറത്തിറക്കിയിരുന്ന 'അൽ മുർശിദും' മറ്റും വായിച്ചാണ് കുട്ട്യാലി സാഹിബിനും മറ്റു ചിലർക്കും പുരോഗമനാശയങ്ങളിൽ താൽപര്യമുണ്ടായത്. ഈ സമയത്താണ് ഉമറാബാദിൽ നിന്നുവന്ന ഹാജിസാഹിബ് വളാഞ്ചേരിയിൽ പ്രസംഗ പരിപാടികൾ നടത്തിയത്. പ്രസംഗത്തിന് ശേഷം പലരും പല ചോദ്യങ്ങളും ചോദിച്ചു. ഓരോ ചോദ്യത്തിനും ഖുർആൻ ഉദ്ധരിച്ചുകൊണ്ട് ഹാജിസാഹിബ് മറുപടി പറഞ്ഞു. ഒരു ചോദ്യവും 'നാളേക്ക്' മാറ്റിവെ

ച്ചില്ല. ഇത് ഏറെ ആകർഷകമായി തോന്നി. ഹാജിസാഹിബിന്റെ പ്രസംഗങ്ങളും മറുപടികളും അന്ധവിശ്വാസക്കാരായ യാഥാസ്ഥിതികരിൽ കടുത്ത എതിർപ്പ് ഉണ്ടാക്കിയിരുന്നു. ഏതാനും പ്രസംഗങ്ങൾ നടന്ന ശേഷമാണ് ജമാഅത്തുൽ മുസ്തർശിദീൻ രൂപീകരിച്ചത്. ജമാഅത്തെ ഇസ്ലാമി രൂപീകരിക്കുംമുമ്പ്, സ്റ്റഡി ക്ലാസുകളും ചോദ്യോത്തരങ്ങളും ചർച്ചയും തന്നെയായിരുന്നു പ്രധാന പ്രവർത്തനം.

ഹാജി സാഹിബിന്റെ പ്രസംഗങ്ങൾ അത്യാകർഷകങ്ങളായിരുന്നു. നാലാം ക്ലാസ് വിദ്യാഭ്യാസമേ ഉള്ളുവെങ്കിലും പ്രസംഗം ഉയർന്ന വിദ്യാഭ്യാസം നേടിയ ആളുടേതു പോലെയായിരുന്നു. ഇതിൽ ആകൃഷ്ടരായി വന്നവരിൽ കോൺഗ്രസ്, ലീഗ്, മാർക്സിസ്റ്റ് തുടങ്ങി പല പാർട്ടിക്കാരുമുണ്ടായിരുന്നു. മാസത്തിൽ ഒരു യോഗമാണുണ്ടാവുക. അതിൽ ഹാജിസാഹിബ് ക്ലാസ് എടുക്കും. "ഒരു ക്ലാസിൽ 'നിങ്ങൾ ദീനിൽ പൂർണമായും പ്രവേശിക്കുക' എന്ന ആയത്തായിരുന്നു വിശദീകരിച്ചിരുന്നത്. അതു കേട്ടപ്പോഴാണ് മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസും ലീഗുമൊക്കെ ഉപേക്ഷിക്കാൻ ഞങ്ങൾ തീരുമാനിച്ചത്" എന്ന് കുട്ട്യാലി സാഹിബ് പറയുന്നു.

"പല ആശയക്കാരുമുള്ള യോഗത്തിൽ പലതരം ചോദ്യങ്ങളുയർന്നുവരും. ചിലപ്പോൾ കുറേ ചോദ്യങ്ങൾക്കെല്ലാം കൂടി ഹാജിസാഹിബ് ഒരൊറ്റ മറുപടി പറയും. അത്രക്ക് കഴിവുണ്ടായിരുന്നു അദ്ദേഹത്തിന്. ഏത് മതപണ്ഡിതനോടും രാഷ്ട്രീയ നേതാവിനോടും സംസാരിക്കാൻ ഹാജി സാഹിബിന് കഴിയുമായിരുന്നു" - കുട്ട്യാലി സാഹിബിന്റെ വാക്കുകൾ.

ഹാജിസാഹിബിന് കോഴിക്കോട്ട് സ്വാധീനമുണ്ടായതിന്റെയും പട്ടാള പള്ളിയിൽ ഖുത്വ്ബ നിർവഹിക്കാൻ അവസരം ലഭിച്ചതിന്റെയും പിന്നിലെ ഒരുസംഭവം കുട്ട്യാലി സാഹിബ് ഓർക്കുന്നു. ഒരിക്കൽ ഉത്തരേന്ത്യക്കാരനായ ഒരു മൗലാന കോഴിക്കോട് പ്രസംഗിക്കാൻ വന്നു. ഇസ്ലാഹി പ്രവർത്തകരായിരുന്നു അദ്ദേഹത്തെ കൊണ്ടുവന്നത്. അവർക്കൊന്നും ഉർദു അറിയുമായിരുന്നില്ല. മൗലാനയുടെ പ്രസംഗമാകട്ടെ ഉർദുവിലും. ആരോ നിർദേശിച്ചതനുസരിച്ച് ഇസ്ലാഹി പ്രവർത്തകർ പ്രസംഗം പരിഭാഷപ്പെടുത്താൻ ഹാജിസാഹിബിനെ വിളിച്ചു. പ്രസംഗത്തിന്റെ പ്രധാനഭാഗങ്ങൾ പോലും കുറിച്ചുവെക്കാതെ, ഹാജിസാഹിബ് അത് ഭംഗിയായി പരിഭാഷപ്പെടുത്തി. പേനയോ പേപ്പറോ ഒന്നും അദ്ദേഹം ഉപയോഗിച്ചില്ല. ഇത് ആളുകളെ അത്ഭുതപ്പെടുത്തി. അങ്ങനെയാണ് കോഴിക്കോട്ടെ ഇസ്ലാഹി പ്രവർത്തകർ ഹാജിസാഹിബിനെ പരിപാടികൾക്ക് ക്ഷണിക്കാൻ തുടങ്ങിയതും കോഴിക്കോട് പട്ടാള പള്ളിയിലെ ഖുത്വ്ബ ഏൽപിച്ചതും. ഖത്വീബായി നിശ്ചയിച്ച ശേഷം 'എത്രയാണ് ശമ്പളം വേണ്ടതെന്ന്' അവർ ഹാജിസാഹിബിനോട് ചോദിച്ചു. എട്ട് അണയോ മറ്റോ ആയിരുന്നു അന്ന് ഒരാഴ്ചയിൽ ഖത്വീബിന് കൊടുത്തിരുന്നത്. 'എനിക്ക് പണമൊന്നും വേണ്ട' എന്നായിരുന്നു ഹാജിസാഹിബിന്റെ മറുപടി. പട്ടാളപ്പള്ളിയിൽ ഖുത്വ്ബ നടത്തിയിരുന്ന പല മൗലവിമാരും നീണ്ട പ്രസംഗം ചെയ്യുന്നവരായിരുന്നു. ഇസ്ലാഹി പ്രവർത്തകരായ, ഖുത്വ്ബ കേൾക്കാൻ വരുന്ന കച്ചവടക്കാരിൽ ചിലർ അതിൽ അസ്വസ്ഥരാകും, ഇതെന്താ ഇത്ര നീളുന്നത്, കഴിയാറായില്ലേ? എന്ന് ചോദിക്കും. എന്നാൽ ഹാജിസാഹിബ് ഖുത്വ്ബ നടത്താൻ തുടങ്ങിയതോടെ ഈ പരാതികളെല്ലാം മാറുകയും വലിയ സ്വീകാര്യത ലഭിക്കുകയും ചെയ്തു.

ജമാഅത്തുൽ മുസ്തർശിദീനു വേണ്ടി ഒരു ഓഫീസ് വാടകക്കെടുത്തിരുന്നു. ബീഡിത്തൊഴിലാളികളും ടി.കെ.വി മൊയ്തീൻകുട്ടി സാഹിബും മറ്റും വിഹിതം എടുത്താണ് അതിന്റെ വാടക കൊടുത്തിരുന്നത്. അന്നത്തെ വളാഞ്ചേരിയിലെ പ്രവർത്ത

കരിൽ കുറേ പേർ ബീഡിത്തൊഴിലാളികളായിരുന്നു.

## സംഘത്തിന്റെ ഭരണഘടന

ജമാഅത്തുൽ മുസ്തർശിദീന് പതിനൊന്ന് പേജുള്ള ഒരു ഭരണഘടന ഉണ്ടായിരുന്നു. 'ജമാഅത്തുൽ മുസ്തർശിദീൻ സംഘത്തിന്റെ നിയമാവലി-വളാഞ്ചേരി' എന്ന പേരിൽ കോട്ടക്കൽ ആർ.കെ.പി പ്രസിൽ അച്ചടിച്ച് അത് പ്രസിദ്ധീകരിച്ചത് 1946ലാണ്. "പരമ കാരുണികനും കരുണാനിധിയുമായ അൽലാഹുവിന്റെ തിരുനാമത്തിൽ" ആരംഭിച്ച നിയമാവലിയിലെ അവസാനഭാഗം ഇങ്ങനെയാണ്: "ജീവിതോദ്ദേശ്യത്തെയും പരമലക്ഷ്യത്തെയും പൊതുവിൽ ഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നുവെങ്കിലും അവയുടെ നാനാവശങ്ങളെയും ഞങ്ങൾ കൈക്കൊള്ളേണ്ട കർമപദ്ധതിയേയും കുറിച്ച് ഇനിയും ഞങ്ങൾ വേണ്ടുവോളം ഗ്രഹിച്ചുകഴിഞ്ഞിട്ടില്ല. എന്നാൽ അത്തരം സംഗതികൾ വേണ്ടുവോളം പഠിച്ചിട്ടുള്ള മതപണ്ഡിതന്മാർ കേരളത്തിൽതന്നെ ധാരാളമുണ്ടെന്ന സംഗതി ഞങ്ങൾക്കു വളരെ ആശ്വാസം നൽകുന്നുണ്ട്. അൽലാഹുവിന്റെ കിതാബിൽനിന്നും, നബിചര്യയിൽനിന്നും ഞങ്ങൾ വഴിപിഴച്ചു പോകുന്നുണ്ടെങ്കിൽ തക്കസമയത്തു ഞങ്ങൾക്കു മാർഗദർശനം ചെയ്യുവാൻ അവർക്ക് ദയവുണ്ടാവുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയും അതിന്നായി അവരോട് അഭ്യർഥിക്കുകയും ചെയ്തുകൊള്ളുന്നു.

ഇതേ പരിതസ്ഥിതികൊണ്ടാണ്, 'ജമാഅത്തുൽ മുസ്തർശിദീൻ' (സന്മാർഗകാംക്ഷികളുടെ സംഘം) എന്ന നാമം താൽകാലികമായി സ്വീകരിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. ഞങ്ങളുടെ ആദർശ ലക്ഷ്യങ്ങളിലോ കർമപദ്ധതിയിലോ അൽലാഹുവിനും റസൂലിനും വിരുദ്ധമായി വല്ലതും കാണപ്പെടുന്ന പക്ഷം അതു ഞങ്ങൾ കരുതിക്കൂട്ടി പ്രവൃത്തിക്കുന്നതാണെന്നു തെറ്റിദ്ധരിക്കാതെ, ഞങ്ങളുടെ അജ്ഞതയാണ് അതിന്നു കാരണമെന്നു കരുതി വേണ്ടവിധം ഞങ്ങളെ ഉപദേശിക്കാൻ ഏവർക്കും അവകാശമുണ്ട്. അൽലാഹുവിനും റസൂലിനും വിരുദ്ധമായി ഞങ്ങളുടെ ആദർശലക്ഷ്യങ്ങളിലോ കർമപദ്ധതിയിലോ വല്ലതുമുണ്ടെന്നു ലക്ഷ്യപ്രകാരം ആരുതന്നെ ബോധ്യപ്പെടുത്തിത്തരുന്നതായാലും അതിനെ പരിഹരിക്കുന്നതിൽ ഞങ്ങൾക്കൊട്ടും വൈമനസ്യമുണ്ടായിരിക്കയില്ല. ഇത്രയും പ്രസ്താവിച്ചുകൊണ്ട് സംഘത്തിന്റെ ആദർശലക്ഷ്യത്തെ താഴെ വിവരിച്ചുകൊള്ളുന്നു.

എന്ന്,<br>
ജമാഅത്തുൽ മുസ്തർശിദീൻ<br>
ഭാരവാഹികൾ

തുടർന്ന് സംഘത്തിന്റെ ആദർശവും-ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്- ലക്ഷ്യവും വിശദീകരിക്കുന്നു. സംഘാംഗങ്ങളുടെ ജീവിതത്തിൽ പുലർത്തേണ്ട കാര്യങ്ങളും പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. നിയമാവലിയുടെ അവസാനഭാഗത്ത് 5 എന്ന നമ്പറിൽ കൊടുത്തിട്ടുള്ളത് ഏറെ ശ്രദ്ധേയമാണ്. "5. അവരവരുടെ അടുത്ത പരിധിയിൽപെട്ടവരും വല്ലവിധത്തിലും തങ്ങളോടു ബന്ധപ്പെട്ടവരുമായ ജനങ്ങളെ, ഒന്നും രണ്ടും വകുപ്പുകളിൽ വിവരിച്ച സംഘത്തിന്റെ ആദർശ ലക്ഷ്യത്തിലേക്കു യുക്തിപൂർവം ക്ഷണിക്കേണ്ടത് സംഘാംഗങ്ങളിൽ ഓരോരുത്തരുടെയും കർത്തവ്യമാകുന്നു. ആദർശലക്ഷ്യത്തിൽ പൂർണമായി യോജിക്കുന്നവരെ അൽലാഹുവിന്റെ ഭൂമിയിൽ അൽലാഹുവിന്റെ ഭരണം സ്ഥാപിക്കുവാൻ വേണ്ടിയുള്ള പരിശ്രമം പ്രവൃത്തിരൂപത്തിൽതന്നെ കൊണ്ടുവരാനായി പ്രേരിപ്പിക്കേണ്ടതാകുന്നു. എന്നാൽ സംഘത്തിൽ അംഗമായി ചേരുവാൻ ആരേയും ക്ഷണിക്കരുത്. സംഘ

ത്തിന്റെ ആദർശവും ലക്ഷ്യവും പൂർണമായി ഗ്രഹിച്ച് അതിനെ തന്റെ ജീവിതോദ്ദേശ്യമായി സ്വീകരിക്കുകയും സംഘത്തിന്റെ കർമപദ്ധതിയെ തൃപ്തിപ്പെട്ട് അതിൽ അംഗമായി ചേരുവാൻ സ്വയം ആഗ്രഹിക്കുകയും ചെയ്യുന്നവരെ മാത്രമേ സംഘത്തിൽ ചേർക്കുവാൻ പാടുള്ളൂ. ഇസ്‌ലാമിക ദൃഷ്ട്യാ അവരവരിലുള്ള ന്യൂനതകൾ പരിഹരിക്കാനായി ഓരോരുത്തരും പരിശ്രമിക്കുന്നതോടൊപ്പം തങ്ങളുടെ സഹോദരങ്ങളായ മറ്റു അംഗങ്ങളുടെയും ന്യൂനതകൾ പരിഹരിക്കാനായി ഓരോരുത്തരും നിഷ്കളങ്കമായി ആഗ്രഹിക്കേണ്ടതാകുന്നു.” ■

(തുടരും)